# “ഉള്ളങ്കയ്യിൽ വഹിക്കുന്ന ക്രിസ്തു”

യെശയ്യാവു 49:16

“ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരെച്ചിരിക്കുന്നു.”

ദൈവിക കരുതലിന്റെ മഹത്വം വെളിപ്പെടുത്തുന്ന അനേക വാഗ്ദത്തങ്ങൾ ദൈവവചനത്തിലൂടെ തരുന്നു. അതുപോലെ തന്നെ സംരക്ഷണം ഉറപ്പിക്കുന്ന മനോഹരമായ ഒരു വേദഭാഗം. ഉള്ളം കൈയ്യിൽ അവൻ നമ്മെ എങ്ങനെ വഹിക്കും. ജീവപര്യന്തം അവൻ നമ്മെ വഴിനടത്താമെന്നാണ് കർത്താവ് ഉറപ്പ് തന്നിരിക്കുന്നത്. തന്റെ മക്കളുടെയെല്ലാം കാര്യത്തിൽ സദാ വ്യാപ്തനായിരിക്കുന്ന ദൈവം എളിയവനായ എന്നെയും ഓർക്കുമോ എന്ന് ഒരുപക്ഷേ ചിന്തിക്കാം.

ഒരിക്കൽ ചെറുപ്പക്കാരിയായ ഒരു പെൺകുട്ടി, മലകയറ്റം വളരെയധികം ഇഷ്ടപ്പെട്ടിരുന്ന അവൾ അതിനായി പുറപ്പെട്ടു. തന്റെ സാഹസം ഒക്കെ പൂർത്തിയാക്കി മലയുടെ മുകളിൽ ചെന്നപ്പോളാണ് അവൾക്ക് ഒരു കാര്യം മനസ്സിലായത്. തന്റെ കണ്ണിലുണ്ടായിരുന്ന contact lens നഷ്ടപ്പെട്ടിരിക്കുന്നു. കാഴ്ചക്ക് മങ്ങൽ ഏറ്റുകൊണ്ട് ഭാരപ്പെട്ട് അവൾ മല മുകളിൽ നിൽക്കുകയായിരുന്നു. ഉയരമേറിയ മലമുകളിൽ എവിടെപോയി അത് കണ്ടെത്തും. മറ്റൊന്ന് പകരം ലഭിക്കാൻ ഒരു മാർഗ്ഗവുമില്ല. പെട്ടന്ന് ഒരു ശബ്ദം കേൾക്കാൻ ഇടയായി. താഴെനിന്ന് വീണ്ടും മലമുകളിലേക്ക് കയറി വരുന്ന മറ്റൊരു സ്ത്രീ ചോദിക്കുന്നു. ആരുടെയെങ്കിലും contact lens നഷ്ടപ്പെട്ടുവോ?. വളരെ അതിശയത്തോടെ പെൺകുട്ടി അന്വേഷിച്ചു. മുകളിലേക്കു കയറി വരുമ്പോൾ ഒരു ‘ഉറുമ്പ്’ ഈ lens ഉം മായി താഴേക്കു പോകുന്നുവത്രെ. ഒരു ഉറുമ്പിനെ സംബന്ധിച്ച് അത് ഭാരമേറിയ വസ്തു ആയിരുന്നുവെങ്കിലും ഈ പെൺകുട്ടിയുടെ lens നഷ്ടപ്പെടാതെ അതിനെ വഹിച്ചുകൊണ്ടു പോകാൻ ദൈവം അതിനെ അവിടെ ആക്കിയിരിക്കുന്നു. ഇത് കേവലം ഒരു കഥ മാത്രം.

ദൈനംദിന ജീവിതത്തിൽ നമ്മെ കരുതുന്ന വിവിധങ്ങളായ വിധങ്ങൾ ഇതിലും എത്രയോ ശക്തവും, അത്ഭുതവുമാകുന്നു. അതേ, വലുതും ചെറുതുമായ സകല കാര്യങ്ങളിലും അവൻ വ്യാപൃതനായിരിക്കുന്നു. മൂഡൻ തന്റെ ഹൃദയത്തിൽ ദൈവം ഇല്ലെന്നു പറയുമ്പോൾ, ഈ വലിയവനായ ദൈവം എന്നെ നിരന്തരം നടത്തി പരിപാലിക്കുന്നു എന്ന സാക്ഷ്യം വിളിച്ചുപറയാൻ നമ്മെ സഹായിച്ച ദൈവത്തിന് ഒരായിരം സ്തുതി കരേറ്റാം.

വലിയവ ലഭിക്കുമ്പോൾ നാം ഓർക്കും, എന്നാൽ കഥയിൽ കണ്ടതുപോലെ നിസ്സാരനായ ഒരു ഉറുമ്പിനെപ്പോലും തന്റെ മക്കളുടെ കാര്യങ്ങൾ ഭംഗിയായി നിറവേറ്റാൻ ഉപയോ

ഗിക്കുന്നു എന്നോർക്കുമ്പോൾ ഒരു നിമിഷം പോലും തമ്പുരാന്റെ സാന്നിധ്യത്തെ ഓർക്കാതിരിക്കാൻ കഴിയില്ല. ഒരു പുതുവർഷം കൂടി കാണാൻ നമ്മെ അനുവദിച്ചപ്പോൾ ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നമ്മെ പരിപാലിച്ചവന് ഹൃദയം നിറഞ്ഞു കവിയുന്ന നന്ദി കരേറ്റാം.

ഇനിയും ജീവിതാവസാനം വരെ ആ ഉള്ളം കൈയ്യിൽ തന്നെ ഇരുന്നുകൊണ്ട് യാത്ര മുന്നേറാൻ സർവ്വശക്തന്റെ കൃപകൾക്കായി യാചിക്കാം. അവൻ നമ്മെ സഹായിക്കട്ടെ. പരിപാലിക്കട്ടെ. Isaiah 48:17-ാം വാക്യം പറയുന്നതുപോലെ "ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കുകയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ."

പരാമർശം :
യോഹന്നാൻ 10:26-28

എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയും ഇല്ല.

സിസ്റ്റർ ബിന്ദു റെജി അയ്മനം 065